സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ നൂറുശതമാനം വിജയം നേടിയ ഉളിയത്തടുക്ക ജയ്മാത സീനിയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികൾ.

സിബിഎസ്ഇ പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ നൂറുശതമാനം വിജയം നേടിയ ഉളിയത്തടുക്ക ജയ്മാത സീനിയർ സെക്കൻഡറി സ്കൂളിലെ സയൻസ്, കൊമേഴ്സ് വിദ്യാർഥികൾ.

കുന്നുംകൈയിൽ വേണം, സ്ഥിരം തടയണ

കുന്നുംകൈ: ചുട്ടു പൊള്ളുന്ന വേനലിൽ അൽപം ആശ്വാസമേകി മഴ പെയ്തെങ്കിലും ചൂട് കുറയാതെ ചുട്ടുപൊള്ളുകയാണ് മലയോരം. മുമ്പെങ്ങും അനുഭവിച്ചിട്ടില്ലാത്ത വിധത്തിലുള്ള കാലാവസ്ഥയിൽ ജലസ്രോതസുകൾ വറ്റിവരണ്ടിരിക്കുന്നതിനാൽ കുടിവെള്ള പ്രശ്നവും രൂക്ഷമായിരിക്കുന്നു. ജല ലഭ്യത ഇല്ലാത്തതിനാൽ കർഷകർക്ക് വൻ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്, കൂടുതൽ ജലം ആവശ്യമായ കവുങ്ങ് വാഴ പോലുള്ളവ കരിഞ്ഞുണങ്ങി നിൽക്കുന്ന ദാരുണമായ കാഴ്ച്ചയാണ് എങ്ങും. മലയോര ഭാഗത്ത് ഏറെ പേർ ആശ്രയിക്കുന്ന തേജസ്വിനി, ചൈത്രവാഹിനി പുഴ പൂർണമായും വറ്റിവരണ്ടിരിക്കുകയാണ്.

വേനൽക്കാലത്ത് അനുഭവപെടുന്ന ജല ദൗർലഭ്യതക്ക് പരിഹാരം ഉണ്ടാക്കാൻ കുന്നുംകൈ പാലത്തിന് സമീപം ചൈത്രവാഹിനി പുഴയ്ക്ക് കുറുകെ സ്ഥിരം തടയണ നിർമിക്കുക എന്ന ആവശ്യവുമായി നാട്ടുകാർ ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് രംഗത്ത് ഇറങ്ങിരിക്കുകയാണ്.

കടുത്ത വേനലിൽ വറ്റിവരണ്ട ചൈത്രവാഹിനി പുഴ. കുന്നുംകൈയിൽ നിന്നുള്ള ദൃശ്യം.

വെസ്റ്റ് എളേരി പഞ്ചായത്തിനും എം. രാജഗോപാലൻ എംഎൽഎക്കും ജലസേചനവകുപ്പിനും കാസർഗോഡ് വികസന പാക്കേജ് സ്പെഷൽ ഓഫീസർക്കും നിവേദനം നൽകി കാത്തിരിക്കുകയാണ്. ഈ കാര്യങ്ങൾ ഉന്നയിച്ച് ജില്ലാ കളക്ടറേയും സമീപിക്കുവാനുള്ള ശ്രമത്തിലാണെന്ന് ആക്ഷൻ കമ്മിറ്റി കൺവീനർ ബഷീർ ആറിലകണ്ടം അറിയിച്ചു.

അടുത്ത വേനലിന് മുമ്പെങ്കിലും പരിഹാരം ഉണ്ടാക്കാൻ സാധിച്ചില്ലങ്കിൽ അതിരൂക്ഷമായ ജലക്ഷാമമായിരിക്കും ഈ ഭാഗങ്ങളിൽ അനുഭവപെടുക.

വനിതാ ഫുട്ബോൾ ടൂർണമെന്റ് ഇന്നു മുതൽ

തൃക്കരിപ്പൂർ: തൃക്കരിപ്പൂർ ഡ്രീംസ് ഫുട്ബോൾ അക്കാദമി രണ്ടാം വാർഷികാഘോഷ ഭാഗമായി വനിതാ ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിക്കുന്നു. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ 16 ടീമുകൾ പങ്കെടുക്കും.

14 മുതൽ 16 വയസ് വരെയുള്ള വിഭാഗത്തിൽ ആറ് ടീമുകളും 12 മുതൽ 14 വരെ പ്രായമുള്ള വിഭാഗത്തിൽ ആറ് ടീമുകളും 12 വയസിൽ താഴെയുള്ള കുരുന്നുകളുടെ വിഭാഗത്തിൽ നാല് ടീമുകളും ഏറ്റുമുട്ടും. ഇന്നു മുതൽ 19 വരെ തൈക്കീൽ ഇഎ അരീന ടർഫിലും തൃക്കരിപ്പൂർ ജിവിഎച്ച്എസ്എസ് മിനി സ്റ്റേഡിയത്തിലുമായാണ് ടൂർണമെന്റ്.

ഇന്ന് ഉച്ചകഴിഞ്ഞ് 3.30ന് തൈക്കീൽ ടർഫിൽ ദേശീയ ലോംഗ്ജംമ്പ് താരം കെ.എം. ജ്യോതിർമയി ടൂർണമെന്റ് ഉദ്ഘാടനം ചെയ്യും. പത്രസമ്മേളനത്തിൽ അക്കാദമി ഡോ. വി. രാജീവൻ, ഡോ. ടി.സി. ജീന, വി.വി. ഗണേശൻ, എം. പദ്മനാഭൻ, എം. രാജേഷ് എന്നിവർ സംബന്ധിച്ചു.

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശനം

ഉദുമ: വിനോദ സഞ്ചാര വകുപ്പിന്റെ കീഴിൽ ഉദുമ ഗവ. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ 2024-25 അധ്യയന വർഷത്തെ ഹോട്ടൽ മാനേജ്മെന്റ് മേഖലയിലെ ഒരു വർഷം ദൈർഘ്യമുള്ള വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടു/തത്തുല്യം മാർക്ക് അടിസ്ഥാനമാക്കിയാണ് പ്രവേശനം നൽകുന്നത്. പ്ലസ്ടു പാസായവർക്ക് പ്രായപരിധി ഇല്ലാതെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഉദുമയിൽ പ്രവേശനത്തിന് അപേക്ഷിക്കാം. www.fcikerala.org എന്ന വെബ്സൈറ്റ് വഴി ഓൺലനായാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷിക്കാനുള്ള അവസാന തീയതി 31ന് വൈകുന്നേരം അഞ്ചു വരെ. ഫോൺ: 0467 2236347, 9847677549.

സിബിഎസ്ഇ പത്താംക്ലാസ് പരീക്ഷയിൽ നൂറുശതമാനം വിജയം കരസ്ഥമാക്കിയ ചെറുപനത്തടി സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ വിദ്യാർഥികൾ.

സെന്റ് മേരീസ് സ്കൂളിന് തിളക്കമാർന്ന വിജയം

പനത്തടി: തുടർച്ചയായി 18-ാം വർഷവും സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ നൂറു ശതമാനം വിജയം നേടി ചെറുപനത്തടി സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ.

പരീക്ഷയെഴുതിയ 41 കുട്ടികളിൽ ഏഴു കുട്ടികൾ 90 ശതമാനത്തിന് മുകളിലും 19 കുട്ടികൾ 80 ശതമാനത്തിന് മുകളിലും മാർക്ക് കരസ്ഥമാക്കി. 96.2 ശതമാനം മാർക്കോടെ ബി. വൈശാഖ് സ്കൂൾ ടോപ്പറായി. വിജയികളെ സ്കൂൾ മാനേജ്മെന്റ് അഭിനന്ദിച്ചു.

സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ നൂറുശതമാനം വിജയം നേടിയ കാഞ്ഞിരടുക്കം ഉർസുലൈൻ പബ്ലിക് സ്കൂൾ വിദ്യാർഥികൾ.

നൂറുമേനി നേട്ടവുമായി ഉർസുലൈൻ സ്കൂൾ

കാഞ്ഞിരടുക്കം: സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ കാഞ്ഞിരടുക്കം ഉർസുലൈൻ പബ്ലിക് സ്കൂളിന് 12-ാം വർഷവും നൂറുമേനി വിജയം. 22 കുട്ടികൾ പരീക്ഷ എഴുതിയതിൽ നാലുപേർ 90 ശതമാനത്തിന് മുകളിലും ആറുപേർ 80 ശതമാനത്തിന് മുകളിലും മൂന്നുപേർ 70 ശതമാനത്തിനു മുകളിലും മറ്റുള്ളവർ 50 ശതമാനത്തിനും മുകളിലും മാർക്ക് നേടി.

93.6 ശതമാനം മാർക്ക് നേടി അൽഫോൻസ കെ.അഗസ്റ്റിൻ, 92 ശതമാനം നേടി അഭിനവ് മധു, 91.6 ശതമാനം നേടി അലോണ മരിയ അജി എന്നിവർ സ്കൂൾ തലത്തിൽ ടോപ്പർമാരായി. വിജയികളെ പ്രിൻസിപ്പൽ സിസ്റ്റർ ബിജി മാത്യു, പിടിഎ, സ്കൂൾ മാനേജ്മെന്റ് എന്നിവർ അഭിനന്ദിച്ചു.

സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ നൂറു ശതമാനം വിജയം നേടിയ പടുപ്പ് സാൻജിയോ സെൻട്രൽ സ്കൂൾ വിദ്യാർഥികൾ.

സാൻജിയോ സ്കൂളിന് തിളക്കമാർന്ന വിജയം

പടുപ്പ്: സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ പടുപ്പ് സാൻജിയോ സെൻട്രൽ സ്കൂളിന് ഇത്തവണയും നൂറു ശതമാനം വിജയം.

പരീക്ഷ എഴുതിയ 25 കുട്ടികളിൽ 97 ശതമാനം മാർക്കോടെ നവജ്യോത് കൃഷ്ണൻ ഒന്നാം സ്ഥാനം നേടി. 96.2 ശതമാനം മാർക്കോടെ ജോയൽ ജോൺ രണ്ടാംസ്ഥാനവും 94 ശതമാനം മാർക്ക് നേടിയ അഹമ്മദ് ഷമ്മാസ് മൂന്നാംസ്ഥാനവും നേടി. വിദ്യാർഥികളെയും അധ്യാപകരെയും മാനേജ്മെന്റ് അഭിനന്ദിച്ചു.

ഭീമനടിയിൽ ബസ് കാത്തുനിൽക്കുന്നവർക്ക് നേരിയ ആശ്വാസം

ഭീമനടി: ഭീമനടി ബസ്സ്റ്റാൻഡിൽ എത്തുന്നവർ പൊരിഞ്ഞ ചൂടിൽ വലയുന്നതിന് താത്കാലിക പരിഹാരമായി. നേരത്തേ ബസ് സ്റ്റാൻഡ് നവീകരിച്ചിരുന്നെങ്കിലും വെയിൽ ഏൽക്കാതെ നിൽക്കാനുള്ള റൂഫിംഗ് സംവിധാനം ഇല്ലായിരുന്നു. ബസ്സ്റ്റാൻഡിൽ എത്തുന്ന യാത്രക്കാർ വെയിൽ കൊണ്ട് നിൽക്കേണ്ട സ്ഥിതിയായിരുന്നു.

ഇതിനു പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് നിരവധി പേർ ഒപ്പിട്ട നിവേദനം പഞ്ചായത്തിന് നൽകിയിരുന്നു. ഇതേതുടർന്നാണ് വൈകിയാണെങ്കിലും ഗ്രീൻ നെറ്റ് വിരിച്ച് താത്കാലിക പരിഹാരം ഉണ്ടാക്കിയിരിക്കുന്നത്. ഓട്ടോ ഡ്രൈവർമാരാണ് നെറ്റ് ഉയർത്തികെട്ടാൻ സഹായിച്ചത്. എന്നാൽ, ഇവിടെ സ്ഥിരം റൂഫിംഗ് സംവിധാനം ഏർപ്പെടുത്തണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

ഭീമനടി ബസ്സ്റ്റാൻഡിൽ യാത്രക്കാർക്കായി ഗ്രീൻനെറ്റ് വലിച്ചുകെട്ടിയപ്പോൾ.

നിർത്തിയിട്ട ലോറിയിൽനിന്നു കവർന്നത് ഒന്നേകാൽ ലക്ഷത്തിന്റെ സാധനങ്ങൾ

കുമ്പള: ദേശീയപാതയോരത്ത് നിർത്തിയിട്ട ലോറിയിൽ നിന്ന് ബാറ്ററികളടക്കം ഒന്നേകാൽ ലക്ഷം രൂപയുടെ സാധനങ്ങൾ കവർന്നു. ലോറി ശനിയാഴ്ച കുമ്പള ടൗണിന് സമീപം ദേശീയപാത സർവീസ് റോഡിൽ നിർത്തിയിട്ട് ലോറി ഡ്രൈവർ കണ്ണൂർ കൂത്തുപറമ്പിലെ സന്ദീപ് നാട്ടിൽ പോയതായിരുന്നു.

തിങ്കളാഴ്ച വൈകുന്നേരം എത്തിയപ്പോഴാണ് രണ്ടു ബാറ്ററികളും ടാങ്കിൽ നിന്ന് 350 ലീറ്റർ ഡീസലും രണ്ടു ടാർപ്പയും കവർന്നതായറിയുന്നത്. കുമ്പള ടൗണിലും പരിസരത്തും ഒരു സംഘം മയക്കുമരുന്ന് ഉപയോഗിച്ച് രാത്രികാലങ്ങളിൽ ചുറ്റി തിരിയുന്നതായി നാട്ടുകാർ പറയുന്നു. കുമ്പള ടൗണിലെ ചെറിയ മോഷണങ്ങൾക്ക് പിന്നിൽ ഇതേ സംഘമെന്നാണ് സംശയിക്കുന്നത്. കുമ്പള പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

യോഗം ഇന്ന്

കാസർഗോഡ്: ജില്ലാ പഞ്ചായത്ത് ഭരണസമിതി യോഗം ഇന്നു രാവിലെ 10.30ന് ജില്ലാ പഞ്ചായത്ത് ഹാളിൽ ചേരും.

ബസ് തൊഴിലാളി കൂട്ടായ്മ വടംവലി മത്സരം 18ന്

കാഞ്ഞങ്ങാട്: കാഞ്ഞങ്ങാട്ടെ ബസ് തൊഴിലാളി കൂട്ടായ്മ വടംവലി മത്സരം 18ന് വൈകുന്നേരം ആറിന് കോട്ടപ്പാറയിൽ നടക്കും.

പുരുഷൻമാർക്ക് 430 കിലോഗ്രാം വിഭാഗത്തിലും വനിതകൾക്ക് 420 കിലോഗ്രാം വിഭാഗത്തിലുമാണ് മത്സരം.

വിജയികളാകുന്ന പുരുഷ ടീമിന് 10000, 7000, 5000, 2500 രൂപയും ട്രോഫിയും വനിത ടീമിന് 7000, 5000, 3000, 2000 രൂപയും ട്രോഫിയുമാണ് നൽക്കുക.

വൈദ്യുതി മുടങ്ങും

കാഞ്ഞങ്ങാട്: 110 കെവി സബ്സ്റ്റേഷൻ പരിധിയിൽ പ്രീമൺസൂൺ അറ്റകുറ്റപ്പണികളുടെ ഭാഗമായി പ്രവൃത്തി നടക്കുന്നതിനാൽ 11 കെ വി പടന്നക്കാട്, കാഞ്ഞങ്ങാട്, ഹൊസ്ദുർഗ്, ചിത്താരി, ചാലിങ്കാൽ, വെള്ളിക്കോത്ത്, ഗുരുപുരം ഫീഡറുകളിൽ നാളെ രാവിലെ എട്ടു മുതൽ ഉച്ചയ്ക്കു ശേഷം മൂന്നു വരെ വൈദ്യുതി ഭാഗികമായി തടസപ്പെടുമെന്ന് സ്റ്റേഷൻ എൻജിനിയർ അറിയിച്ചു.

സംസ്ഥാനപാത നവീകരണത്തിലെ ക്രമക്കേടുകൾ അന്വേഷിക്കാൻ കളക്ടറുടെ നിർദേശം

റോഡ് സേഫ്റ്റി കമ്മീഷണർ പൂടംകല്ല് മുതൽ ചിറംകടവ് വരെയുള്ള ഭാഗത്ത് പരിശോധന നടത്തി തെളിവുകൾ ശേഖരിച്ച് തുടർനടപടികൾ സ്വീകരിക്കും.

രാജപുരം: ഹൊസ്ദുർഗ്-പാണത്തൂർ സംസ്ഥാനപാതയിലെ പൂടംകല്ല്-ചിറംകടവ് ഭാഗത്തെ നവീകരണ പ്രവർത്തിയുടെ അപാകതകളെക്കുറിച്ച് അടിയന്തരമായി അന്വേഷണം നടത്താനുള്ള മലനാട് വികസന സമിതിയുടെ നിവേദനം ജില്ലാ കളക്ടർ കെ. ഇമ്പശേഖർ റോഡ് സേഫ്റ്റി കമ്മീഷണർക്ക് കൈമാറി.

റോഡ് സേഫ്റ്റി കമ്മീഷണർ പൂടംകല്ല്മുതൽ ചിറംകടവ് വരെയുള്ള ഭാഗത്ത് പരിശോധന നടത്തി പരാതിയുടെ തെളിവുകൾ ശേഖരിച്ച് തുടർനടപടികൾ സ്വീകരിക്കും. ഡിപിആറിൽ നിന്നും വർക്ക് എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നടക്കുന്ന നവീകരണ പ്രവർത്തിയുടെ ക്രമക്കേടുകളെ കുറിച്ചുള്ള അന്വേഷണത്തിന് ശേഷം നടപടികൾ എടുക്കുമെന്നും ഉറപ്പുനൽകിയതായി സമിതി ഭാരവാഹികൾ പറഞ്ഞു.

ജനപ്രതിനിധികളും മലനാട് വികസന സമിതി നേതാക്കളും അനുബന്ധ വകുപ്പുകളുടെ ഉദ്യോഗസ്ഥരും മാധ്യമ പ്രവർത്തകരും, കരാർ കമ്പനി പ്രതിനിധികളും പങ്കെടുക്കുന്ന ഒരു പ്രവൃത്തി അവലോകന യോഗം വിളിച്ചു ചേർക്കുമെന്ന് കളക്ടർ അറിയിച്ചതായും ഇവർ പറഞ്ഞു. സമിതി ചെയർമാൻ ആർ. സൂര്യ നാരായണഭട്ട്, ജനറൽ സെക്രട്ടറി ബാബു കദളിമറ്റം, സെക്രട്ടറി ബി. അനിൽ കുമാർ എന്നിവരുടെ നേതൃത്വത്തിലാണ് നിവേദനം നൽകിയത്.

വെസ്റ്റ് എളേരി പഞ്ചായത്തിലെ എട്ടാം വാർഡിലെ കാവുംതല-കുളത്തുകാട് റോഡ് വർഷങ്ങളായി തകർന്നുകിടന്നിട്ടും റീ ടാറിംഗ് ചെയ്യാത്തതിൽ പ്രതിഷേധിച്ച് നാട്ടുകാർ റോഡിൽ വാഴ, ചേമ്പ് തുടങ്ങിയവ നട്ടപ്പോൾ.

കരിയർ ഗൈഡൻസ് ക്ലാസ് നടത്തി

പാലാവയൽ: സെന്റ് ജോൺസ് എച്ച്എസ്എസിലെ കരിയർ ഗൈഡൻസ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പത്താംക്ലാസ് കഴിഞ്ഞ വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കുമായി നേർവഴി ഫോക്കസ് പോയിന്റ്-2024 എന്ന പേരിൽ കരിയർ ഗൈഡൻസ് ക്ലാസ് സംഘടിപ്പിച്ചു.

തുടർപഠന മേഖലകളെ കുറിച്ചും തൊഴിൽ സാധ്യതകളെ പറ്റിയും വിശദീകരിച്ചു. മദ്രാസ് ഐഐടി പൂർവവിദ്യാർഥിയും കേന്ദ്ര മന്ത്രാലയത്തിൽ ഉദ്യോഗസ്ഥനുമായ ജോസഫ് ജോർജ് മുഖ്യപ്രഭാഷണം നടത്തി. സ്കൂൾ പ്രിൻസിപ്പൽ ഡോ. മെന്റലിൻ മാത്യു അധ്യക്ഷത വഹിച്ചു.

ചടങ്ങിൽ മദ്രാസ് ഐഐടിയിലെ പൂർവ വിദ്യാർഥികൾ ഏർപ്പെടുത്തിയ കെഎച്ച് ഫൗണ്ടേഷൻ സ്കോളർഷിപ്പിന് ജോയൽ വിനോദിനെ തെരഞ്ഞെടുത്തു.

പാലാവയൽ സെന്റ് ജോൺസ് എച്ച്എസ്എസിൽ സംഘടിപ്പിച്ച നേർവഴി ഫോക്കസ് പോയിന്റ്-2024 പരിപാടിയിൽ മദ്രാസ് ഐഐടി പൂർവവിദ്യാർഥിയായ ജോസഫ് ജോർജ് ക്ലാസെടുക്കുന്നു.

മാർക്കറ്റ്

കാസർഗോഡ്

അടയ്ക്ക (പഴയത്)	34000-38000
അടയ്ക്ക (പുതിയത്)	33000

കാഞ്ഞങ്ങാട്

റബർ (ഗ്രേഡ്)	17300
റബർ (ലോട്ട്)	15000
ഒട്ടുപാൽ	10300
അടയ്ക്ക(പുതിയത്)	36500
കുരുമുളക്	56000
കൊപ്ര	8800
കശുവണ്ടി	1000

വെള്ളരിക്കുണ്ട്

റബർ (ഗ്രേഡ്)	17650
റബർ (ലോട്ട്)	16500
ഒട്ടുപാൽ	10300
അടയ്ക്ക	35000-38000
കുരുമുളക്	55000
തേങ്ങ	2900
കശുവണ്ടി	10000

ചെറുപുഴ

റബർ ഗ്രേഡ്	17800
റബർ ലോട്ട്	16000
ഒട്ടുപാൽ	10300
അടയ്ക്ക	36500
കുരുമുളക്	56000
തേങ്ങ	2800
കൊപ്ര	7800
കശുവണ്ടി	10000

പുളിങ്ങോം

റബർ ഗ്രേഡ്	17600
റബർ ലോട്ട്	15200
ഒട്ടുപാൽ	10200
അടയ്ക്ക	35000
കുരുമുളക്	55000
തേങ്ങ	2800
കൊപ്ര	8300
കശുവണ്ടി	10300

ഇന്നത്തെ സിനിമ

കാസർഗോഡ്

മൂവിമാക്സ് സർക്കിൾ

നടികർ (10.30, 1.30, 7.30) പെരുമാനി (1.30, 4.30, 10.30) സ്റ്റാർ (തമിഴ്, 10.30, 7.30) പവി കെയർടേക്കർ (1.30, 7.30) വർഷങ്ങൾക്കു ശേഷം (4.30, 10.30) ആരോ (10.30)

സിനികൃഷ്ണ

കിംഗ്ഡം ഓഫ് ദി പ്ലാനറ്റ് ഓഫ് ദി ഏയ്പ്സ് (ഇംഗ്ലീഷ്, 10.30, 1.30, 7.30) അരൺമനൈ-4 (തമിഴ്, 1.30, 7.30) പഞ്ചവത്സരപദ്ധതി (4.30)

മെഹബൂബ് കോംപ്ലക്സ്

മലയാളി ഫ്രം ഇന്ത്യ (10.15, 1.15, 7.30, 10.30) ആവേശം (10.30, 1.30, 4.20, 7.30) മാരിവില്ലിൻ ഗോപുരങ്ങൾ (10.30, 1.30, 4.30, 7.30) പവി കെയർടേക്കർ (10.30, 1.30) നടികർ (4.30, 7.30) ആടുജീവിതം (4.15)

കർമംതൊടി

കാവേരി സിനിമാസ്

മലയാളി ഫ്രം ഇന്ത്യ (1.30, 4.30, 7.30, 10.30) ആരോ(10.30, 4.30, 10.30) പവി കെയർടേക്കർ (1.30, 7.30)

കാഞ്ഞങ്ങാട്

വിജിഎം മൾട്ടിപ്ലക്സ്

മലയാളി ഫ്രം ഇന്ത്യ (10.30, 2.15, 5.15, 8.15) പെരുമാനി (10.30, 2.30, 5.30, 8.15) വർഷങ്ങൾക്കുശേഷം (2.30, 5.15, 8.15) ആരോ (10.30)

വിനായക കോംപ്ലക്സ്

മാരിവില്ലിൻ ഗോപുരങ്ങൾ (10.30, 2.30, 5.30, 8.15) ആടുജീവിതം (2.30, 5.30, 8.30)

ദീപ്തി സിനിമാസ്

മാരിവില്ലിൻ ഗോപുരങ്ങൾ (10.30, 2.30, 8.15) കിംഗ്ഡം ഓഫ് ദി പ്ലാനറ്റ് ഓഫ് ദി ഏയ്പ്സ് (ഇംഗ്ലീഷ്, 11.00, 2.30, 8.15) പവി കെയർടേക്കർ (2.30, 5.30, 8.15) നടികർ (10.45, 5.30) വർഷങ്ങൾക്കുശേഷം (5.15)

ചെറുവത്തൂർ

പാക്കനാർ സിനിമാസ്

പവി കെയർടേക്കർ (10.30, 1.30, 4.30) ആവേശം (7.30, 10.30)

സ്വർണപണയ തട്ടിപ്പ്

സിപിഎം ഉന്നതനേതൃത്വത്തിന് പങ്ക്: കോൺഗ്രസ്

കാസർഗോഡ്: സഹകരണ സ്ഥാപനങ്ങളുടെ വിശ്വാസ്യത തകർക്കുംവിധം സിപിഎം നിയന്ത്രണത്തിലുള്ള സംഘത്തിൽ നടന്ന കോടികളുടെ തട്ടിപ്പ് സംബന്ധിച്ച് സമഗ്രമായ അന്വേഷണം വേണമെന്ന് ഡിസിസി പ്രസിഡന്റ് പി.കെ. ഫൈസൽ ആവശ്യപ്പെട്ടു. പണയ സ്വർണമില്ലാതെ ബന്ധുക്കളുടെ മറ്റും പേരിൽ ലക്ഷങ്ങൾ വായ്പയെടുത്ത സംഭവം അതീവ ഗൗരവതരമാണ്. ജനുവരി മാസം മുതൽ തന്നെ സംഘത്തിൽ തട്ടിപ്പ് നടന്നതായി സഹകരണ വകുപ്പിന്റെ പരിശോധന റിപ്പോർട്ടിൽ വ്യക്തമായിട്ടുണ്ട്. മൂന്നു മാസത്തിലൊരിക്കൽ പണയ സ്വർണങ്ങൾ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്. മാർച്ച് അവസാനത്തിൽ പണയ സ്വർണം പൂർണമായുണ്ടെന്ന് വ്യക്തമാക്കിയാണ് സിപിഎം ലോക്കൽ സെക്രട്ടറി കൂടിയായ സംഘം പ്രസിഡന്റ് സൂപ്പി ഒപ്പിട്ട് സഹകരണ വകുപ്പിന് റിപ്പോർട്ട് നൽകിയത്. സംഘങ്ങളിൽ സ്വർണവും പണവും ജോയിന്റ് കസ്റ്റഡിയായാണ് സൂക്ഷിക്കുന്നത്. സംഘം പ്രസിഡന്റും ഭരണസമിതിയും ജീവനക്കാരും അറിഞ്ഞുകൊണ്ട് തന്നെയാണ് തട്ടിപ്പ് നടത്തിയതെന്ന് വ്യക്തമാണ്.

ഭരണസമിതി അംഗങ്ങളുടെയും ജീവനക്കാരുടെയും സമ്മതമില്ലാതെ സെക്രട്ടറിയും സിപിഎം മുള്ളേരിയ ലോക്കൽ കമ്മിറ്റി അംഗവുമായ കെ. രതീശൻ 4.76 കോടി രൂപയുടെ സ്വർണപ്പണയ വായ്പ തട്ടിപ്പ് നടത്തി എന്ന് വിശ്വസിക്കാൻ പ്രയാസമുണ്ട്. സ്വർണപണം ഇല്ലാതെ തന്നെ പല ആളുകളുടെയും പേരിൽ സ്വർണ വായ്പ എടുത്തതായും പണയം വച്ച സ്വർണം കടത്തിക്കൊണ്ടുപോയതായും കണ്ടെത്തിയിട്ടുണ്ട്.

അതുപോലെതന്നെ സിപിഎം നിയന്ത്രണത്തിലുള്ള ദേലംപാടി സർവീസ് സഹകരണ ബാങ്ക് ഭരണസമിതി കോടികളുടെ തട്ടിപ്പ് നടത്തിയിട്ടും സിപിഎം പാർട്ടിയും സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരും അത് പൂഴ്ത്തിവച്ചിരിക്കുകയാണ്. കാസർഗോഡ് ജില്ലയിലും കരുവന്നൂർ ആവർത്തിക്കാനാണ് സിപിഎമ്മിന്റെ നേതൃത്വത്തിൽ ശ്രമം നടത്തുന്നത്. സിപിഎമ്മിന്റെ ജില്ലയിലെ ഉന്നത നേതൃത്വത്തിന്റെ അറിവോടും സഹകരണ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെയും ഒത്താശയോടെ നടക്കുന്ന കോടികളുടെ തട്ടിപ്പിൽ സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണമെന്നും ഫൈസൽ ആവശ്യപ്പെട്ടു.

സെക്രട്ടറിയെ മാത്രം പഴിചാരി രക്ഷപ്പെടാൻ ശ്രമം: ബിജെപി

കാസർഗോഡ്: കാറഡുക്ക അഗ്രികൾച്ചറലിസ്റ്റ് വെൽഫെയർ സഹകരണ സംഘത്തിലെ സ്വർണപണയ തട്ടിപ്പ് സിപിഎം നേതൃത്വത്തിന്റെ അറിവോടെ കൂടിയെന്ന് ബിജെപി സംസ്ഥന സെക്രട്ടറി കെ. ശ്രീകാന്ത് ആരോപിച്ചു. ഭരണസമിതി നേതൃത്വം അറിയാതെ സെക്രട്ടറിക്ക് മാത്രം അഞ്ചു കോടിയോളം രൂപയുള്ള വൻ തട്ടിപ്പ്നടത്താൻ സാധിക്കില്ല. തട്ടിപ്പ് പുറത്ത് വന്നപ്പോൾ സെക്രട്ടറിയെ മാത്രം പഴിചാരി രക്ഷപ്പെടാനാണ് ഭരണസമിതിയും സിപിഎം നേതൃത്വവും ശ്രമിക്കുന്നത്.

സിപിഎം നിയന്ത്രണത്തിലുള്ള ചെറിയ സഹകരണ സൊസൈറ്റിയിൽ പോലും കോടികളുടെ തട്ടിപ്പ് നടക്കുകയാണ്. തട്ടിപ്പ് പുറത്തുവന്നതോടെ കൂടി പണം തിരിച്ചടച്ച് കേസ് ഒതുക്കി തീർക്കാനാണ് ഇപ്പോൾ സിപിഎം ശ്രമിക്കുന്നത്. ഇതിൽ വൻ ഗൂഢാലോചനയുണ്ട്. സംഭവത്തിൽ സമഗ്രാന്വേഷണം വേണമെന്നും പ്രതികളെ ഉടൻ പിടികൂടി മാതൃകാപരമായി ശിക്ഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

SOUTH INDIAN Bank

റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ
പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ-ലേല വിൽപ്പന നോട്ടീസ് [റൂൾ-8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.

വായ്പക്കാർ/ജാമ്യക്കാർ:**(1) ശ്രീമതി സബ്ന ടി,** M/s. ഇഷാൻ മാർക്കറ്റിംഗിന്റെ പ്രൊപ്രൈറ്റിക്സ്, **(2) ശ്രീ. ഭവ്യനാഥ് എ,** ഗ്രൗണ്ട് ഫ്ളോർ, 1/359, വടവന്നൂർ ബാമ റൈസ് മിൽ